# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6606 — 08.11.2016 ൽ - മറുപടിക്ക്

## ഭക്ഷ്യഭദ്രതാ നിയമപ്രകാരം - കരട് മുൻഗണനപ്പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനപ്പട്ടിക കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മുൻഗണനാവിഭാഗങ്ങൾക്ക് എത്ര അളവ് ധാന്യവിഹിതമാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളതെന്നും എത്ര രൂപ നിരക്കിലാണ് നല്കുന്നതെന്നും വിശദീകരിക്കുമോ; കഴിഞ്ഞ മൂന്ന് വർഷം അനുവദിച്ചിരുന്ന ധാന്യവിഹിതത്തിന്റെ അളവ് കേന്ദ്രം വെട്ടിക്കുറച്ചിട്ടുണ്ടോ; ഇത്തരത്തിൽ വെട്ടിക്കുറയ്ക്കുന്നത് പൊതുവിപണിയിൽ വിലക്കയറ്റത്തിന് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) 2016 നവംബർ മുതൽ എ.എ.വൈ കാർഡുടമകൾക്ക് 16807.490 മെ.ടൺ, 4045.475 മെ.ടൺ എന്നീ ക്രമത്തിലും മുൻഗണനാ വിഭാഗങ്ങൾക്ക് 52073.178 മെ.ടൺ, 12533.742 മെ.ടൺ എന്ന ക്രമത്തിലും അരിയും ഗോതമ്പും യഥാക്രമം മൂന്ന്, രണ്ട് രൂപാ നിരക്കിൽ ലഭ്യമാകും. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രതിവർഷം നോർമൽ വിഹിതമായി 12.26 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങളും അഡ്ഹോക്ക് വിഹിതമായി 3.77 ലക്ഷം മെട്രിക് ടൺ ധാന്യം ഉൾപ്പെടെ 16.04 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യം സംസ്ഥാനത്തിന് ലഭ്യമായി. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ ഷെഡ്യൂൾ (4) പ്രകാരം 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യമാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. ഇതിൽ മുൻഗണനാ വിഭാഗത്തിന് മാത്രമായി 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങൾ പ്രതിവർഷം വേണ്ടി വരും. ടൈഡ്ഓവർ അലോക്കേഷനായി നാല് ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും |

ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യ ധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ് ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് സ്റ്റാറ്റ്യൂട്ടറി റേഷൻ നിലനിൽക്കുന്ന, പൂർണ്ണമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെപ്പോലെയൊരു സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) എത്ര പേരാണ് മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത് അവർക്ക് മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത് എന്നറിയിക്കുമോ;

(സി) 1,54,80,040 അംഗങ്ങളാണ് കരട് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടത്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന എ.എ.വൈ. വിഭാഗത്തിന് കാർഡിന് 35 കി.ഗ്രാമും ബാക്കിയുള്ള അംഗങ്ങൾക്ക് 5 കി.ഗ്രാം ഭക്ഷ്യധാന്യവും ലഭിക്കുന്നതാണ്.

(ഡി) ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ മൊത്തവിതരണക്കാരെ ഒഴിവാക്കിയതിന് പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

(ഡി) എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യം വിട്ടെടുത്ത് ബ്ലോക്ക് / താലൂക്ക് തല ഗോഡൗണിൽ ശേഖരിച്ച് എ.ആർഡി. തലത്തിൽ വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ